കെ.സി.എം അബ്ദുല്ല

# അറബ് ലീഗിന്റെ 19–ാം ഉച്ചകോടി

**അറബ്**-മുസ്‌ലിം ലോകത്തിന് പ്രത്യാശ പകർന്നുകൊണ്ട് അറബ് ലീഗ് വാർഷിക ഉച്ചകോടിക്ക് റിയാദിൽ പരിസമാപ്തിയായി. അറബ് ലോകം അസാധാരണമായ പ്രതിസന്ധികളിലൂടെ കടന്നുപോകുന്നതിനിടെയാണ് അറബ് ഭരണത്തലവന്മാർ സുഊദിയുടെ തലസ്ഥാനത്ത് സമ്മേളിച്ചത്. പതിവിനു വിപരീതമായി സ്വന്തം അസ്തിത്വം തിരിച്ചറിഞ്ഞും ഐക്യപ്പെട്ടും ഇച്ഛാശക്തിയോടെ ശക്തമായ ഇടപെടലുകൾക്ക് ആഹ്വാനം ചെയ്തുമാണ് ദ്വിദിന ഉച്ചകോടിക്ക് തിരശ്ശീല വീണത്. 62 വർഷം പിന്നിടുന്ന അറബ് ലീഗിന്റെ 19–ാമത്തെ ഒരു സാധാരണ ഒത്തുചേരലായിരുന്നു മാർച്ച് 28,29 തീയതികളിൽ റിയാദിൽ നടന്നത്.

അറബ് നേതാക്കളുടെ ചിന്താഗതികൾ മാറണമെന്നും ഐക്യത്തിനായി പരിശ്രമിക്കണമെന്നുമുള്ള ആഹ്വാനത്തോടെയാണ് ഐക്യ ഉച്ചകോടിക്ക് തുടക്കം കുറിച്ചത്. അറബ് ലോകത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സൈനിക മേഖലയിൽ പരസ്പര സഹകരണം ശക്തിപ്പെടുത്തുന്നതിനായി കെട്ടിപ്പടുത്ത അറബ് ലീഗ് രൂപീകരണത്തിനു ശേഷം കഴിഞ്ഞ 62 വർഷത്തെ പ്രവർത്തനങ്ങൾകൊണ്ട് എന്തു നേടിയെന്ന ചോദ്യം ഉച്ചകോടിയിൽ ഉയർന്നു. രൂപീകരണ കാലത്തുള്ളതിനേക്കാൾ അനൈക്യത്തിലാണ് അറബ് ലോകം ഇപ്പോഴുള്ളതെന്ന് ഉച്ചകോടി തുറന്നുസമ്മതിച്ചത് ശ്രദ്ധേയമാണ്. 'ഈ അവസ്ഥയിൽ ഭിന്നിപ്പ് വിധിയാണെന്ന് ധരിക്കാതെ ഐക്യത്തിന്റെ പാശം മുറുകെപിടിച്ച് അറബ് ജനതയുടെ പിന്നാക്കാവസ്ഥക്ക് മാറ്റം വരുത്താൻ കഴിയേണ്ടതുണ്ട്. ഐക്യം രൂപപ്പെടേണ്ടത് രാഷ്ട്രനായകരുടെ ഹൃദയത്തിൽനിന്നാണ്. ദൈവം അനുഗ്രഹിച്ച് നൽകിയ ബുദ്ധിശക്തിയുപയോഗിച്ച് അറബ് ലോകത്തിന്റെ ഭാഗധേയം സ്വയം ഏറ്റെടുക്കാൻ നാം സന്നദ്ധരാവേണ്ടതുണ്ട്' – ഉച്ചകോടിയിൽ അധ്യക്ഷത വഹിച്ച സുഊദി ഭരണാധികാരി അബ്ദുല്ലാ രാജാവിന്റെ വാക്കുകൾ. ഇറാഖിൽ നിയമവിരുദ്ധ വിദേശ അധിനിവേശമാണ് തുടരുന്നതെന്ന് വ്യക്തമാക്കിയ അദ്ദേഹം അറബ് ലോകത്തിന്റെ ഭാവി നിർണയിക്കുന്നതിൽ അധിനിവേശ ശക്തികൾക്ക് ഇടം നൽകരുതെന്നും അറബ് മണ്ണിൽ വിദേശപതാകകൾ പാറരുതെന്നാണ് നാം ആത്മാർഥമായി ആഗ്രഹിക്കേണ്ടതെന്നും തുറന്നടിച്ചു. നിരാശയുടെ ഘട്ടത്തിലും പ്രത്യാശയോടെയാണ് അടുത്ത ഒരു വർഷത്തേക്കുള്ള അറബ് ലീഗിന്റെ നേതൃത്വം ഏറ്റെടുക്കുന്നതെന്നും പ്രയാസത്തിന് പിന്നാലെ ലളിതമായ മാർഗം തുറന്നു കിട്ടുമെന്നാണ് പ്രതീക്ഷയെന്നും അബ്ദുല്ല രാജാവ് വ്യക്തമാക്കി. പശ്ചിമേഷ്യൻ സമാധാന ശ്രമങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന സുഊദി ഭരണാധികാരിയുടെ കരങ്ങളിൽ അറബ് ലീഗിന്റെ നേതൃത്വം എത്തിയത് ഏറെ ശുഭാപ്തിയോടെയാണ് മറ്റ് രാഷ്ട്രനായകന്മാർ ഉറ്റുനോക്കുന്നത്. ലക്ഷ്യം വെച്ചതൊന്നും നേടാൻ കഴിഞ്ഞില്ലെന്ന അറബ് നേതാക്കളുടെ കുറ്റസമ്മതവും പരസ്പര ബന്ധത്തിന്റെയും സഹകരണത്തിന്റെയും ദുർബലമായ ചരട് മാത്രമാണ് ഇപ്പോൾ അറബ് കൂട്ടായ്മയെന്ന തിരിച്ചറിവും ഭാവിപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ വഴിയൊരുക്കുമെന്നാണ് സൂചന.

പതിറ്റാണ്ടുകളായി തുടരുന്ന ഫലസ്ത്വീൻ പ്രശ്നത്തിന് അന്തിമതീരുമാനം വേണമെന്നാണ് അറബ് ലീഗ് മുന്നോട്ടുവെച്ച നിർദേശങ്ങളിൽ മുഖ്യം. ഇതിന് ആവശ്യമെങ്കിൽ ഇസ്രയേലുമായി ചർച്ചക്ക് സന്നദ്ധമാണെന്നും ഉച്ചകോടി അറിയിച്ചു. അതേയവസരം പശ്ചിമേഷ്യൻ സമാധാന പദ്ധതികളിൽ പ്രഖ്യാപിത നിലപാടിൽ അറബ് ലീഗ് വിട്ടുവീഴ്ച ചെയ്യില്ല. 2002-ലെ ബെയ്റൂത്ത് ഉച്ചകോടിയിൽ സുഊദി അറേബ്യ മുന്നോട്ടുവെച്ച പശ്ചിമേഷ്യൻ സമാധാനപദ്ധതി പൂർണസ്വഭാവത്തിൽ നടപ്പാക്കണമെന്നാണ് റിയാദ് ഉച്ചകോടിയുടെ തീരുമാനം. പശ്ചിമേഷ്യയിലെ സ്ഥിതി ഗുരുതരമാണെന്നും ക്രിയാത്മകമായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ മേഖലയിൽ പ്രത്യാഘാതങ്ങൾ കടുത്തതായിരിക്കുമെന്നും ഉച്ചകോടി ഓർമിപ്പിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിക്കു പരിഹാരം തേടി അമേരിക്ക, യൂറോപ്യൻ യൂനിയൻ, ഐക്യരാഷ്ട്രസഭ എന്നിവയുമായും ഇസ്രയേലുമായി നേരിട്ടും ചർച്ചകൾ നടത്താൻ ഉച്ചകോടി ഒരു വർക്കിംഗ് ഗ്രൂപ്പിന് രൂപം നൽകിയിട്ടുണ്ട്. സുഊദി അറേബ്യ, ഈജിപ്ത്, ജോർദാൻ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളുൾക്കൊള്ളുന്ന വർക്കിംഗ് കമ്മറ്റിയിൽ സിറിയയും അംഗത്വത്തിന് ആവശ്യമുന്നയിച്ചിരിക്കുകയാണ്. ഈ കമ്മിറ്റിയുടെ തുടർനടപടികൾ ഉച്ചകോടിയുടെ തീരുമാനങ്ങളെ വിജയത്തിലെത്തിക്കുമെന്നാണ് പ്രതീക്ഷ.

1967–നു മുമ്പുള്ള അതിർത്തി ഇസ്രയേൽ അംഗീകരിക്കുക, 1948 മുതൽ നാടുവിട്ട അഭയാർഥികൾക്ക് തിരിച്ചുവരാൻ അവസരമൊരുക്കുക, ജറൂസലം ആസ്ഥാനമായുള്ള ഫലസ്ത്വീൻ രാഷ്ട്രം അംഗീകരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് സുഊദി സമാധാന പദ്ധതിയിൽ ഉന്നയിക്കപ്പെട്ടിരുന്നത്. ഇതിനു പകരമായി ഇസ്രയേലുമായി അറബ് ലോകം നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കും. സമാധാനപദ്ധതിയോട് ചർച്ചയാകാമെന്ന് ഇപ്പോൾ പ്രതികരിച്ച ഇസ്രയേൽ ഇതിൽ ഭേദഗതി വേണമെന്നാണ് മുന്നോട്ടുവെക്കുന്ന നിർദേശം. എന്നാൽ ആദ്യം ഇസ്രയേൽ സമാധാന നിർദേശങ്ങൾ അംഗീകരിക്കട്ടെ, ശേഷം കൂടിയാലോചനകളിലൂടെ മറ്റ് കാര്യങ്ങളിൽ അന്തിമതീരുമാനത്തിലെത്താം എന്നാണ് അറബ് ലീഗ് നിലപാട്. സമാധാന പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നപക്ഷം ഇസ്രയേലിന്റെ അസ്തിത്വം അംഗീകരിക്കാൻ അറബ് ലീഗ് രാജ്യങ്ങൾ നിർബന്ധിതരാകും. ഇസ്രാഈലിനെ ഒരുനിലക്കും അംഗീകരിക്കില്ലെന്ന് വ്യക്തമാക്കിയിരുന്ന ഹമാസ് പോലും സമാധാനാവശ്യങ്ങൾക്കായി അറബ് ലീഗ് കൈക്കൊള്ളുന്ന ഏത് തീരുമാനവും അംഗീകരിക്കാമെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. എന്നാൽ സമാധാന രേഖയിൽ വെള്ളം ചേർക്കണമെന്ന ഇസ്രയേലിന്റെ വാശി പുതിയ നീക്കത്തിന് തടസ്സമാവുമെന്ന ആശങ്ക പ്രബലമാണ്. ഫലസ്ത്വീൻ സമൂഹത്തിനുമേൽ ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധം വൻശക്തി രാഷ്ട്രങ്ങൾ പിൻവലിക്കണമെന്നും ഉച്ചകോടി ആവശ്യപ്പെട്ടു.

അധിനിവേശവും വംശീയ സംഘർഷങ്ങളും ഇറാഖിനെന്നപോലെ മേഖലയുടെ സുരക്ഷക്കും ഭീഷണിയായിരിക്കുകയാണെന്ന് ഉച്ചകോടിയിൽ അഭിപ്രായമുയർന്നു. എല്ലാ വിഭാഗക്കാർക്കും അവകാശങ്ങൾ ലഭ്യമാകുന്ന സ്വതന്ത്ര ഇറാഖ് നിലവിൽവരണമെന്നും ഇറാഖ് പ്രശ്നം രമ്യമായി പരിഹരിക്കണമെന്നും ഉച്ചകോടി നിർദേശിച്ചു. ഇറാഖിന് സ്വാതന്ത്ര്യം നേടിത്തരാൻ വന്നവർ ഇന്ന് ആ രാജ്യത്തെ ഒന്നടങ്കം നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന ഇറാഖ് പ്രധാനമന്ത്രിയുടെ വാക്കുകളും പശ്ചിമേഷ്യയെ ആയുധക്കച്ചവടത്തിന്റെ കേന്ദ്രമാക്കിമാറ്റാൻ ആരെയും അനുവദിക്കരുതെന്ന ഈജിപ്ത് പ്രസിഡന്റ്

ഹുസ്നി മുബാറകിന്റെ പ്രസ്താവനയും പരോക്ഷമായെങ്കിലും അമേരിക്കയെ പ്രതിസ്ഥാനത്ത് നിർത്തുന്നു. ലബനാന്റെ താൽപര്യങ്ങൾക്ക് അന്നാട്ടിലെ കക്ഷികൾ പ്രഥമ പരിഗണന നൽകണമെന്നും ആഭ്യന്തര സംഘർഷങ്ങൾ ഒഴിവാക്കണമെന്നും ഉച്ചകോടി ആവശ്യപ്പെട്ടു. രാഷ്ട്രീയ പ്രതിസന്ധി നേരിടുന്ന ലബനാനിൽനിന്ന് ഉച്ചകോടിയിൽ പങ്കെടുക്കാൻ ഒന്നിലധികം സംഘങ്ങൾ എത്തിയിരുന്നു. ഇറാന്റെ ആണവ പദ്ധതിയെ പരാമർശിക്കവെ, ഇസ്രയേൽ ഉൾപ്പെടെ മേഖലയിലെ രാജ്യങ്ങൾ കൈവശം വെക്കുന്ന ആണവായുധങ്ങൾ അന്താരാഷ്ട്ര ഏജൻസികളുടെ പരിശോധനക്ക് വിധേയമാക്കണമെന്നും അറബ് ലീഗ് ആവശ്യപ്പെട്ടു. മേഖല ആണവായുധമുക്തമാകണമെന്നും എന്നാൽ സമാധാനപരമായ ആവശ്യങ്ങൾക്ക് ആണവശക്തി ഉപയോഗിക്കുന്നതിന് ഏത് രാജ്യത്തിനും സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നും ഉച്ചകോടി വ്യക്തമാക്കി. സോമാലിയ, ദർഫൂർ എന്നിവിടങ്ങളിലെ പ്രശ്നങ്ങളും ഉച്ചകോടിയുടെ അജണ്ടയിലുണ്ടായിരുന്നു.

ദേശീയ-അന്തർദേശീയ മാധ്യമങ്ങൾ വൻപ്രാധാന്യത്തോടെ റിപ്പോർട്ടു ചെയ്ത ഉച്ചകോടിയിൽ ഇറാൻ, ഇന്ത്യ, പാകിസ്താൻ, ജപ്പാൻ, കെനിയ, ക്യൂബ, റഷ്യ തുടങ്ങിയ വിവിധ രാജ്യങ്ങളുടെ പ്രതിനിധികൾക്കു പുറമെ യു.എൻ സെക്രട്ടറി ജനറൽ ബാൻ കി മൂൺ, യൂറോപ്യൻ യൂനിയൻ വിദേശകാര്യ വക്താവ് ജാവിയർസൊലോ, ആഫ്രിക്കൻ യൂനിയൻ പ്രതിനിധി അൽഫ ഉമർ കൊനേര, ഒ.ഐ.സി സെക്രട്ടറി ജനറൽ അക്മലുദ്ദീൻ ഇഹ്സാൻ ഒഗ്ലു തുടങ്ങിയ നേതാക്കളും നിരീക്ഷകരായി പങ്കെടുത്തിരുന്നു. ലോകരാജ്യങ്ങളിൽനിന്നുള്ള നിരീക്ഷകരുടെ സാന്നിധ്യം അറബ് ഉച്ചകോടിയുടെ തീരുമാനങ്ങൾക്ക് അന്താരാഷ്ട്ര പിന്തുണ ഉറപ്പുവരുത്താൻ സഹായകമായി. ഉച്ചകോടിക്കു ശേഷം യൂറോപ്യൻ യൂനിയൻ രാജ്യങ്ങൾ, സമാധാനപദ്ധതികൾക്കായി ഉച്ചകോടി പ്രഖ്യാപിച്ച തീരുമാനങ്ങൾക്ക് പിന്തുണ നൽകിയത് ശ്രദ്ധേയമായി.

ഈജിപ്ത്, സിറിയ, ജോർദാൻ, ഇറാഖ്, ലബനാൻ, സുഊദി അറേബ്യ, യമൻ എന്നീ ഏഴ് അറബ് രാജ്യങ്ങളുടെ അംഗത്വത്തോടെ 1945 മാർച്ച് 22-ന് കയ്റോയിലാണ് അറബ് ലീഗ് നിലവിൽവന്നത്. 13,602,171 ചതുരശ്ര കിലോമീറ്റർ ചുറ്റളവിലുള്ള അറബ് ലോകത്ത് 300 ദശലക്ഷത്തിലധികം ജനങ്ങൾ അറബ് ലീഗിന്റെ പരിധിയിൽ വരുമെന്നാണ് കണക്കുകൾ. യു.എ.ഇ, ബഹ്റൈൻ, തുനീഷ്യ, അൾജീരിയ, ജിബൂത്തി, സുഡാൻ, സോമാലിയ, ഒമാൻ, ഫലസ്ത്വീൻ, ഖത്തർ, കോമറോസ് യുനൈറ്റഡ്, കുവൈത്ത്, ലിബിയ, മൊറോക്കോ, മൗറിത്താനിയ തുടങ്ങിയ രാജ്യങ്ങളും ഇപ്പോൾ അറബ് ലീഗിന്റെ ഭാഗമാണ്. 17 രാജ്യങ്ങളുടെ ഭരണാധികാരികൾ നേരിട്ട് ഉച്ചകോടിയിൽ സംബന്ധിച്ചപ്പോൾ നാല് രാജ്യങ്ങൾ പ്രതിനിധികളെയാണ് പങ്കെടുപ്പിച്ചത്. അറബ് ലീഗുമായി സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഉടക്കിനിൽക്കുന്ന ലിബിയ ഉച്ചകോടി ബഹിഷ്കരിച്ചു.

കേവലമൊരു സൗഹൃദ സദസ്സെന്നതിലുപരി ദശലക്ഷക്കണക്കിന് വരുന്ന അറബ് ജനതയെ പ്രതിനിധാനം ചെയ്യുന്ന ഈ കൂട്ടായ്മയുടെ പ്രസക്തി തിരിച്ചറിഞ്ഞുകൊണ്ട് ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്താനും മേഖലയിലും രാഷ്ട്രാന്തരീയ തലത്തിലും ഫലപ്രദമായ രീതിയിൽ സ്വാധീനം ചെലുത്തി പശ്ചിമേഷ്യൻ പുരോഗതി ഉറപ്പുവരുത്താനും അറബ് ലീഗിന് കഴിയേണ്ടതുണ്ട്. ശക്തമായ തീരുമാനങ്ങളുമായി മുന്നോട്ടുപോകുമെന്നുള്ള ഉച്ചകോടിയുടെ പ്രഖ്യാപനം പ്രതീക്ഷ നൽകുന്നതാണെങ്കിലും, തീരുമാനങ്ങൾ പ്രവൃത്തിപഥത്തിലെത്തുമ്പോൾ എത്രത്തോളം കണിശത പുലർത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കും പശ്ചിമേഷ്യൻ സമാധാന പദ്ധതികളുടെയും അറബ് ലോകത്തിന്റെ പുരോഗതിയുടെയും ഭാവി. ■